## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2763. 12.02.2019 ൽ മറുപടിയ്ക്ക്

## വർദ്ധിക്കുന്ന ലഹരി ഉപഭോഗം തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി ഉപയോഗത്തിൽ കേരളം രാജ്യത്ത് രണ്ടാം സ്ഥാനത്താണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ലഹരി വർജന ബോധവൽക്കരണ പരിപാടികൾ പലതും നടത്തിയിട്ടും എക്സൈസ് വകുപ്പ് പരിശോധന ശക്തമാക്കിയിട്ടും സംസ്ഥാനത്ത് ലഹരി ഉപഭോഗം വർദ്ധിക്കുന്നതിന്റെ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ലഹരി ഉപഭോഗം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മദ്യത്തെ അപേക്ഷിച്ച് മയക്കമരുന്ന് കൈവശം വച്ച് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം എളുപ്പമാണ്. ഈ വസ്തുത കണക്കിലെടുത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി മയക്കമരുന്ന കേസുകൾ കൂടുതൽ കണ്ടുപിടിക്കുന്നതിനും മയക്കമരുന്ന് വ്യാപനത്തെ തടയുന്നതിനും എക്സൈസ് വകുപ്പ് നിതാന്ത പരിശ്രമം നടത്തി വരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയതിന്റെ ഫലമായി കേസുകൾ കൂടുതലായി കണ്ടെടുക്കുന്നതിനാലാണ് സംസ്ഥാനത്ത് ലഹരി ഉപഭോഗം വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ഉണ്ടാകുന്നത്. |
| (സി) | ലഹരി കടത്തിന്റെയും വിൽപ്പനയുടെയും പേരിൽ പിടിക്കപ്പെടുന്നവർക്ക് ദീർഘകാല ജയിൽ ശിക്ഷയും കനത്ത പിഴയും ഉറപ്പുവരുത്തുന്നതടക്കമുള്ള ശക്തമായ നിയമനിർമ്മാണം | (സി) | ലഹരി കടത്തിന്റെയും വിൽപ്പനയുടെയും പേരിൽ പിടിക്കപ്പെടുന്നവർക്ക് ദീർഘകാല ജയിൽശിക്ഷയും കനത്ത പിഴയും ഉറപ്പുവരുത്തുന്ന എൻ.ഡി.പി.എസ്. നിയമം നിലവിലുണ്ട്. എങ്കിലും |

| | | | |
|---|---|---|---|
| | നടത്തുമോ; | | ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്യുതുമൂലം മേൽ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ഈ വസ്തുത പരിഗണിച്ച് കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ് നിയമം പരിഷ്കരിക്കുവാൻ കേന്ദ്ര ഗവൺമെന്റിലേക്ക് സംസ്ഥാന സർക്കാർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ ആരംഭിച്ചിട്ടുള്ള ലഹരി വിമോചന കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തമാക്കുന്നതിനും കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ആരോഗ്യവകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുള്ള ലഹരി വിമോചന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ